പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4517 20.10.2011 - ൽ മറുപടിയ്ക്ക്

കൊയിലാണ്ടി-ഓട്ടോ ഡ്രൈവറുടെ നേരെ കൊലപാതക ശ്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | 27-10-2010-ന് ഓട്ടോ ഡ്രൈവർ ധർമ്മനെ കുറുവങ്ങാട് ഐ.റ്റി.ഐ. ബസ് സ്റ്റോപ്പിൽ വച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ ;കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ; | (ബി) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ 2 പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതും 2 പ്രതികൾ കോടതി മുമ്പാകെ സറണ്ടർ ചെയ്ത് മുൻകൂർ ജാമ്യം വാങ്ങിയിട്ടുള്ളതുമാണ്. 4 പ്രതികളെ ഇനിയും കണ്ടെത്തുവാനുണ്ട്. കേസ് ഊർജ്ജിതമായി അന്വേഷിച്ചു വരിക യാണ്. |
| (സി) | ആർക്കാണ് ഈ കേസ്സിന്റെ അന്വേഷണ ചുമതല ; അന്വേഷണത്തിന്റെ നാളിതു വരെയുള്ള പുരോഗതി വ്യക്തമാക്കാമോ; | (സി) | കൊയിലാണ്ടി പോലീസ് ഇൻസ്പെക്ടർ ആണ് ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ. കേസിന്റെ സംഭവസ്ഥല മഹസർ തയ്യാറാക്കി മുതലുകൾ ബന്തവസിലെടുത്തിട്ടുണ്ട്. ഈ കേസിലെ പ്രതികളായ അഭിലാഷ്, പ്രകാശൻ എന്നിവരെ 14.11.10 ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. വാളിവീട്ടിൽ ഗോപി കരിമ്പാക്കൽ പ്രജീഷ് എന്നിവർ ബഹു: ഹൈക്കോടതിയിൽ ഹാജരായി മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്. 11 പേരെ നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. അറസ്റ്റ് ചെയ്യുവാൻ ബാക്കിയുള്ള 4 പ്രതികളെപ്പറ്റി ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ഡി) | ഏതെല്ലാം വകുപ്പുകളാണ് പ്രതികൾക്കെതിരെ ചേർത്തിട്ടുള്ളത് ? | (ഡി) | U/s 143, 147, 148, 341, 326, 307, r/w149 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ